കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം-695001

**പത്രക്കുറിപ്പ്**

പി.ജി.ആയുർവേദ ഡിപ്ലോമ / സ്വാശ്രയ ആയുർവേദ കോളേജുകളിലെ
15% അഖിലേന്ത്യാ ഡിഗ്രി സീറ്റുകളിലേക്കുമുള്ള പ്രവേശനം 2021
പുതുതായി അപേക്ഷിച്ചവർക്ക് പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം

2021-22 അദ്ധ്യയന വർഷത്തെ കേരളത്തിലെ വിവിധ സർക്കാർ /എയ്ഡഡ് ആയുർവേദ കോളേജുകളിലെ ബിരുദാനന്തര ബിരുദ ആയുർവേദ ഡിപ്ലോമ കോഴ്സുകളിലേക്കും കേരളത്തിലെ വിവിധ സ്വാശ്രയ ആയുർവേദ കോളേജുകളിലെ 15% പി.ജി. ആയുർവേദ ഡിഗ്രി സീറ്റുകളിലേക്കും (അഖിലേന്ത്യാ ക്വാട്ട) പുതിയതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈൽ പരിശോധിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. PG Ayurveda 2021- Candidate Portal എന്ന ലിങ്കിൽ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം 'Memo Details' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ (ഉണ്ടെങ്കിൽ) കാണാവുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ഹോം പേജിലെ 'Memo Details' ലിങ്കിലൂടെ ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ **28.02.2022 ഉച്ചയ്ക്ക് 2.00 മണിവരെ** അപ്‌ലോഡ് ചെയ്യാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് മറ്റൊരു അവസരം ഉണ്ടായിരിക്കുന്നതല്ല . കേരളീയനാണെന്ന് (നേറ്റിവിറ്റി) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികൾക്ക് യാതൊരുവിധ സംവരണങ്ങൾക്കും അർഹതയുണ്ടായിരിക്കുകയില്ല. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

ഹെൽപ് ലൈൻ നമ്പർ : 04712525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.24 15:50:39 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

24/02/2022